പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2238. 11.02.2020 ൽ മറുപടിയ്ക്ക്

**നെല്ല് സംഭരണം**

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ

ഉത്തരം

ശ്രീ. പി. തിലോത്തമൻ

(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് നെൽകർഷകർക്ക് കഴിഞ്ഞ വർഷം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മില്ലുകാരുടെ നിസ്സഹകരണം മൂലം കഴിഞ്ഞ വർഷം നെല്ല് സംഭരണം രണ്ടാഴ്ച്ചയോളം വൈകിയിരുന്നു. ഇതുമൂലം കർഷകർക്കുണ്ടായ അസൗകര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| (ബി) | ഇത് മുന്നിൽ കണ്ടുകൊണ്ട് രണ്ടാം വിള നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വിശദമാക്കാമോ? | (ബി) | നിലവിൽ നെല്ല് സംഭരണത്തിനായി 2020 മാർച്ച് 31 വരെ മില്ലുകാരുമായി കരാർ കാലാവധിയുണ്ട്. 2020 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിലെ സംഭരണത്തിനായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ ഇതിനോടകം തന്നെ ആരംഭിച്ച് കഴിഞ്ഞു. മില്ലുകാരുമായി കരാറിൽ ഏർപ്പെടൽ വൈകുന്നതുമൂലം നെല്ല് സംഭരണത്തിൽ ഉണ്ടാകുന്ന അനിശ്ചിതത്വം ഒഴിവാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. രണ്ടാംവിള നെൽകൃഷി വിസ്തൃതി കൂടുതലായതിനാൽ കൂടുതൽ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി സംഭരണം തർക്ക രഹിതമായി നടപ്പിലാക്കുകയും കർഷകർക്ക് നെല്ല് വില താമസംവിനാ നൽകുന്നതിന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി ചർച്ച നടത്തി ബാങ്കുകളുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ